# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

India's National Spiritual Newspaper

₹ 10/-

1969 TO 2029 ECHO OF HIS CALL SINCE 1969

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXXII | YEAR OF OUR LORD JESUS CHRIST, 2026 MAY | No. 07

## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

### സദൃശ്യവാക്യങ്ങൾ 31:23-31

23. ദേശത്തിലെ മൂപ്പന്മാരോടുകൂടെ ഇരി
ക്കുമ്പോൾ അവളുടെ ഭർത്താവു പട്ട
ണവാതിൽക്കൽ പ്രസിദ്ധനാകുന്നു.
24. അവൾ ശണവസ്ത്രം ഉണ്ടാക്കി വിൽ
ക്കുന്നു; അരക്കച്ച ഉണ്ടാക്കി കച്ചവട
ക്കാരനെ ഏൽപ്പിക്കുന്നു.
25. ബലവും മഹിമയും അവളുടെ ഉടുപ്പു;
ഭാവികാലം ഓർത്തു അവൾ പുഞ്ചി
രിയിടുന്നു.
26. അവൾ ജ്ഞാനത്തോടെ വായ് തുറ
ക്കുന്നു; ദയയുള്ള ഉപദേശം അവളു
ടെ നാവിന്മേൽ ഉണ്ടു.
27. വീട്ടുകാരുടെ പെരുമാറ്റം അവൾ സൂ
ക്ഷിച്ചു നോക്കുന്നു; വെറുതെ ഇരുന്നു
അഹോവൃത്തി കഴിക്കുന്നില്ല.
28. അവളുടെ മക്കൾ എഴുന്നേറ്റു അവളെ
ഭാഗ്യവതി എന്നു പുകഴ്ത്തുന്നു; അവ
ളുടെ ഭർത്താവും അവളെ പ്രശംസി
ക്കുന്നതു:
29. അനേകം തരുണികൾ സാമർത്ഥ്യം
കാണിച്ചിട്ടുണ്ടു; നീയോ അവരെല്ലാവ
രിലും ശ്രേഷ്ഠയായിരിക്കുന്നു.
30. ലാവണ്യം വ്യാജവും സൌന്ദര്യം വ്യർ
ത്ഥവും ആകുന്നു; യഹോവാഭക്തിയു
ള്ള സ്ത്രീയോ പ്രശംസിക്കപ്പെടും.
31. അവളുടെ കൈകളുടെ ഫലം അവൾ
ക്കു കൊടുപ്പിൻ; അവളുടെ സ്വന്തപ്ര
വൃത്തികൾ പട്ടണവാതിൽക്കൽ അവ
ളെ പ്രശംസിക്കട്ടെ.

# നിങ്ങളുടെ നിശബ്ദ സഹിഷ്ണുത ദൈവം വാഗ്ദത്തം ചെയ്ത സന്തോഷത്താൽ പുഷ്പിക്കും

*സിസ്റ്റർ ഏഞ്ചലിൻ*

## YOUR SILENT ENDURANCE WILL BLOSSOM INTO GOD'S PROMISED JOY



നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ **വിളിയുടെ പ്രതിധ്വനിയുടെ** എന്റെ എല്ലാ കുടുംബാംഗങ്ങൾക്കും ആശംസകൾ അറിയിക്കുന്നു.

മാതൃദിനം വെറും ഒരു ആഘോഷമല്ല. നിശബ്ദമായി തങ്ങളുടെ ഭാരങ്ങൾ വഹിച്ച്, പരാതി പറയാതെ മറ്റുള്ളവരുടെ സ്വപ്നങ്ങളുടെ സാക്ഷാത്കാരത്തിനായി പലപ്പോഴും സ്വന്തം സ്വപ്നങ്ങൾ മാറ്റിവയ്ക്കുന്ന സ്ത്രീകളെ അംഗീകരിക്കാനുള്ള ഒരു പ്രത്യേക ദിവസമാണിത്.

"അമ്മ" എന്നു പറയുമ്പോൾ, ഞാൻ പരാമർശിക്കുന്നത് മക്കളുള്ള അമ്മമാരെ മാത്രമല്ല. ആത്മീയ അമ്മമാരെയും, വേദനിപ്പിക്കുമ്പോഴും ചുമക്കുകയും, വളർത്തുകയും, സംരക്ഷിക്കുകയും, വിശ്വസിക്കുകയും ചെയ്യുന്ന ഓരോ സ്ത്രീയെയും ഞാൻ ബഹുമാനിക്കുന്നു. നിരവധി കുടുംബങ്ങളിൽ അമ്മമാരുടെ പങ്ക് സ്നേഹപൂർവ്വം ഏറ്റെടുത്തു നിവർത്തിക്കുന്ന പിതാക്കന്മാരെയും ഞാൻ അംഗീകരിക്കാൻ ആഗ്രഹിക്കുന്നു.

നിങ്ങൾക്കെല്ലാവർക്കും സന്തോഷകരവും അനുഗ്രഹീതവുമായ മാതൃദിനം നേരുന്നു.

3-ാം പേജിൽ തുടരും...

Echo of His Call

Christian YouTube Channel!



Every day 2 minutes message by

Pr. S. Sam Selva Raj!

in English, Hindi Language - 1.00 A.M.,

in Tamil & Telugu Language - 2.00 A.M.

and

Tamil & English Message & Prayer

Sunday 8.30 A.M. & 6.00 P.M.

Please Subscribe if you are blessed! Share with whom you love & care!!

# ECHO OF HIS CALL - (Marching towards 60th year)

Estd. 1969

## from your dearly beloved brother...





### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

HON. EDITOR-IN-CHIEF
Rev.Dr. Angeline S. Kumari, M.A., M.Sc., M.Ed.
EX MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
GENERAL MANAGER
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM, MBA.
ADMINISTRATION
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)
EDITORIAL BOARD
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Rev. Dr. K.R. Rajasekaran
Rev. Dr. William Robert, Ph.D., DD, D.Lit.

EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858 95661 31858
E.MAIL
sam@echoofhiscall.org
biblecor@yahoo.co.in
WEBSITES
www.echoofhiscall.org
www.stpaulsmatriculation.org
YOUTUBE CHANNEL
Echo of His Call

### ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു – യോഹന്നാൻ 11:25

കർത്താവിൽ പ്രിയരെ!

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ അതുല്ല്യ നാമത്തിൽ നിങ്ങൾക്ക് ആശംസകൾ നേരുന്നു.

കഴിഞ്ഞ മാസം, നമ്മുടെ ശുശ്രൂഷകളിലൂടെ അനേകർ അനുഗ്രഹിക്കപ്പെടുകയും പാപത്തിൽനിന്നും രോഗത്തിൽനിന്നും ദാരിദ്ര്യത്തിൽനിന്നും വിടുവിക്കപ്പെടുകയും ചെയ്തു. ഈ ശുശ്രൂഷകളിൽ നേരിട്ടോ അല്ലാതെയോ ഉൾപ്പെട്ടിരുന്ന എല്ലാവരെയും കർത്താവ് അനുഗ്രഹിക്കട്ടെ. ലോകത്തിന് തന്റെ മഹത്വം വെളിപ്പെടുത്തിക്കൊടുക്കുവാനാണ് ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. **ഞാൻ എനിക്കുവേണ്ടി നിർമ്മിച്ചിരിക്കുന്ന എന്റെ ജനം എന്റെ സ്തുതിയെ വിവരിക്കും** (യെശയ്യാവ് 43:21).

അവനുവേണ്ടി അദ്ധ്വാനിക്കുന്നവർക്കായി വലിയ പ്രതിഫലങ്ങൾ കാത്തിരിക്കുന്നു. **ഞാൻ നിനക്കു പകരം മനുഷ്യരെയും നിന്റെ ജീവന്നു പകരം ജാതികളെയും കൊടുക്കുന്നു** (യെശയ്യാവ് 43:4) എന്ന് കർത്താവ് വാഗ്ദാനം ചെയ്തിട്ടുണ്ട്.



*മുഖ്യ സഭയിൽ വച്ചു നടന്ന വെക്കേഷൻ ബൈബിൾ സ്കൂൾ (VBS) ട്രെയിനിംഗ് പരിപാടി*

ഏപ്രിൽ-മെയ് മാസങ്ങളിൽ നടത്തപ്പെടുന്ന ഈ വർഷത്തെ വെക്കേഷൻ ബൈബിൾ സ്കൂളിൽ (വി.ബി.എസ്) നേതൃത്വം വഹിക്കുവാനുള്ളവർക്കായി ഞങ്ങളുടെ മുഖ്യസഭയിൽ നേതൃത്വ പരിശീലന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. വിവിധ സഭകളിൽ നിന്നുള്ള 150 പേർ പരിശീലനത്തിൽ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു.

ഇത്തരം പരിശീലനത്തിന്റെ ഫലമായി ഇന്ത്യയിലാകമാനമുള്ള വിഭാഗീയ വിവേചനമില്ലാതെ വിവിധ പള്ളികളിൽ കുട്ടികൾക്കായി വെക്കേഷൻ ബൈബിൾ സ്കൂൾ നടത്തുവാൻ സാധിക്കുന്നു. കുട്ടികൾക്കായുള്ള ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്ന മിഷനുകൾ, പള്ളികൾ, വ്യക്തികൾ എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുക എന്നത് നമ്മുടെ പ്രധാന കടമയാണ്. **വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങി നിൽക്ക...** (2 തിമൊഥെയൊസ് 4:2).

വെക്കേഷൻ ബൈബിൾ സ്കൂൾ ശക്തമായ ഒരു ഉപകരണമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയലെ നിരവധി വിദ്യാഭ്യാസ വിചക്ഷണരും വ്യവസായികളും രാഷ്ട്രീയക്കാരും അവരുടെ കുട്ടിക്കാലത്ത് വെക്കേഷൻ ബൈബിൾ സ്കൂളിൽ പങ്കെടുത്തിട്ടുണ്ട് എന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. സമർപ്പണത്തോടും സ്നേഹത്തോടും ദർശനത്തോടും വെക്കേഷൻ ബൈബിൾ സ്കൂൾ ശുശ്രൂഷയിൽ സേവനമനുഷ്ഠിക്കുന്നവർ തീർച്ചയായും

Our Ministries: ECHO OF HIS CALL Monthly Magazines (16 languages) ▫ BIBLECOR - Postal Courses (3 languages) ▫ YouTube Ministry ▫ Online Courses ▫ Theological Correspondence Courses (2 languages) ▫ Church Planting ▫ Nehemiah Bible Colleges ▫ Gospel Printing Press ▫ Great Commission Partners ▫ St. Paul's Matriculation School ▫ Crusades ▫ Community Development

നമ്മുടെ രാജ്യത്തിന്റെയും ലോകത്തിന്റെയും ഭാവിക്കായി ദൈവഭക്തരായ ഒരു തലമുറയെ വളർത്തിയെടുക്കും. ഈ ഉത്തരവാദിത്തത്തിൽ പരാജയപ്പെടുന്നത് സുവിശേഷത്തെ എതിർക്കുന്ന ഒരു വികൃത തലമുറയുടെ ഉദയത്തിനു കാരണമായേക്കാം.

ദയവായി നിങ്ങളുടെ പ്രാർത്ഥനകളിൽ ഞങ്ങളെ ഓർക്കുവിൻ, അതിലൂടെ വെല്ലുവിളികൾ നിറഞ്ഞ സമയങ്ങളിൽ കർത്താവ് ഞങ്ങളെ ശക്തിപ്പെടുത്തുകയും എല്ലാ പ്രതിബന്ധങ്ങളെയും ശക്തമായി തരണം ചെയ്യാൻ ഞങ്ങൾക്ക് സഹായമാകുകയും ചെയ്യും. തുടർച്ചയായ സാമ്പത്തിക സഹായത്തിനും, പ്രതിബദ്ധതയുള്ള ജീവനക്കാർ ഉണ്ടാകാനും, അനുകൂലമായ രാഷ്ട്രീയ അന്തരീക്ഷത്തിനും, പ്രത്യേക അഭിഷേകവും അനുഗ്രഹവും തുടങ്ങിയ മേഖലകളിൽ കരുതലിനായി ഞങ്ങൾ കർത്താവിങ്കലേക്കു നോക്കുന്നു.

കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ, ആമേൻ!

*ക്രിസ്തുയേശുവിൽ നിങ്ങളുടെ സേവകൻ*
*പാസ്റ്റർ. എസ്. സാം സെൽവരാജ്*
ഇമെയിൽ : sam@echoofhiscall.org

1-ാം പേജിന്റെ തുടർച്ച...

## ദൈവം ഒരു അമ്മയെപ്പോലെ!

വേദപുസ്തകം പലപ്പോഴും ദൈവത്തെ പരാമർശിക്കുന്നത് ഒരു പിതാവിന്റെ പ്രതിച്ഛായയിലൂടെയാണ്. എന്നിരുന്നാലും ഒരു അമ്മയുടെ പ്രതിച്ഛായയിലൂടെ ദൈവത്തിന്റെ ആർദ്രതയും, കരുതലും, കാരുണ്യവും നിറഞ്ഞ സ്വഭാവവും വചനം വെളിപ്പെടുത്തുന്നു.



- **അമ്മ ആശ്വസിപ്പിക്കുന്നതുപോലെ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും** (യെശയ്യാവ് 66:13).
- **തന്റെ കുഞ്ഞുങ്ങളെ പോറ്റുന്ന കരുതലുള്ള അമ്മയായി ദൈവത്തെ ചിത്രീകരിച്ചിരിക്കുന്നു** (യെശയ്യാവ് 66:11).
- **തന്റെ സംരക്ഷണ സ്നേഹം പ്രകടിപ്പിച്ചുകൊണ്ട് തന്റെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന ഒരു ഉഗ്രയായ അമ്മയോട് ദൈവത്തെ ഉപമിച്ചിരിക്കുന്നു** (ഹോശേയ 13:8).
- **ഒരു അമ്മ തന്റെ കുഞ്ഞിനെ മറന്നാലും ദൈവം തന്റെ ജനത്തെ ഒരിക്കലും മറക്കുകയില്ല എന്നു പ്രഖ്യാപിക്കുന്നു** (യെശയ്യാവ് 49:15).
- **കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കുംപോലെ തന്റെ മക്കളെ ചേർത്തുകൊൾവാൻ ദൈവം ആഗ്രഹിക്കുന്നു** (മത്തായി 23:37).

ദൈവസ്നേഹത്തിൽ ഒരു പിതാവിന്റെ ശക്തിയും ഒരു അമ്മയുടെ ആർദ്രതയും ഉൾപ്പെടുന്നുവെന്ന് ഈ ഭാഗങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. തന്റെ മക്കളോടുള്ള ദൈവത്തിന്റെ കരുതലും പരിപോഷണവും നിറഞ്ഞ ഗുണങ്ങളെക്കുറിച്ച് നമുക്ക് സംസാരിക്കുന്നതു തുടരാം.

## സാറ ചിരിച്ചു!

അസാധാരണമായ ഒരു വാഗ്ദാനവുമായി ദൈവം സാറയുടെ ജീവിതത്തിൽ കടന്നുവന്ന നിമിഷത്തെ തിരുവെഴുത്തിലെ സ്ത്രീകൾക്ക് പ്രചോദനമായി മാറി. സാറായുടെ ജീവിതത്തിൽ ഈ വാഗ്ദാനം കടന്നു വന്നത് കൂടാര വാതിൽക്കൽ വച്ചായിരുന്നു.

ഉൽപ്പത്തി 18:12 ൽ വേദപുസ്തകം ഇങ്ങനെ പറയുന്നു:

**ആകയാൽ സാറാ ഉള്ളുകൊണ്ടു ചിരിച്ചു: വൃദ്ധയായിരിക്കുന്ന എനിക്കു സുഖഭോഗമുണ്ടാകുമോ? എന്റെ ഭർത്താവും വൃദ്ധനായിരിക്കുന്നു എന്നു പറഞ്ഞു.**

ദൈവം ആ നിമിഷത്തെ കണ്ടു.

അതുപോലെ, ദൈവം ഒരു കുഞ്ഞിനെ വാഗ്ദത്തം ചെയ്തപ്പോൾ അബ്രഹാമും ചിരിച്ചു. ഉല്പത്തി 17:17 ഇങ്ങനെ പറയുന്നു:

**അപ്പോൾ അബ്രഹാം കവിണ്ണുവീണു ചിരിച്ചു: നൂറു വയസ്സുള്ളവനു മകൻ ജനിക്കുമോ? തൊണ്ണൂറു വയസ്സുള്ള സാറാ പ്രസവിക്കുമോ? എന്നു തന്റെ ഹൃദയത്തിൽ പറഞ്ഞു.**

ഒരേ വാഗ്ദാനം കേട്ട് രണ്ടുപേരും ചിരിച്ചു എങ്കിലും, അവരുടെ ചിരിയോടുള്ള ദൈവത്തിന്റെ പ്രതികരണം വ്യത്യസ്തമായിരുന്നു. ഇവിടെ, സാറായുടെ ചിരിയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

സാറാ ചിരിച്ചതിനുശേഷം, ദൈവം കാലാതീതമായ ഒരു ചോദ്യം ചോദിച്ചു:

**യഹോവയാൽ കഴിയാത്ത കാര്യമുണ്ടോ?...** ഉൽപ്പത്തി 18:14.

എത്ര ആഴമേറിയ പ്രവചനാത്മകമായ ചോദ്യം! അത് വെറും ഒരു ചോദ്യമല്ല, മറിച്ച് ദൈവത്തിന്റെ പരിധിയില്ലാത്ത ശക്തിയുടെയും പരമാധികാരത്തിന്റെയും ശക്തമായ ഒരു പ്രഖ്യാപനമാണ്.

*ഇവിടെ നാം ശ്രദ്ധിക്കേണ്ടത് ഇതാണ്:*

- സാറ ചിരിച്ചു.
- ഉച്ചത്തിൽ അല്ല.
- പരസ്യമായി അല്ല.
- എന്നാൽ ഉള്ളിൽ നിശബ്ദമായി. എന്നിട്ടും ദൈവം അതു കേട്ടു.

## വളരെ അടിയന്തരമായ അറിയിപ്പ്!




**വിളിയുടെ പ്രതിധ്വനി** തപാലിലൂടെ അയയ്ക്കുന്നതുമായി ബന്ധപ്പെട്ട് സമീപഭാവിയിൽ തടസ്സങ്ങൾ നേരിടാൻ സാധ്യതയുള്ളതിനാൽ **വിളിയുടെ പ്രതിധ്വനി** മാസിക തുടർന്നും ലഭിക്കണമെന്ന് താല്പര്യമുള്ളവർ നിങ്ങളുടെ പേര്, വിലാസം, ഇ-മെയിൽ, വാട്ട്സ്ആപ് നമ്പർ മുതലായവ ഞങ്ങളെ കത്ത്, ഇ-മെയിൽ, ഫോൺ, SMS, വാട്ട്സ്ആപ് എന്നിവയിലൂടെ എത്രയും വേഗം ഞങ്ങളെ അറിയിക്കുവിൻ.

നിങ്ങളുടെ പിന്താങ്ങൽ നിങ്ങളെ കൂടുതലായി സേവിക്കുവാൻ ഞങ്ങളെ സഹായിക്കുന്നു.

**ഞങ്ങളുടെ വിലാസം:**

**വിളിയുടെ പ്രതിധ്വനി,**
10, മുഹമ്മദ് അബ്ദുല്ല 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ 600 005, ഇന്ത്യ
ഫോൺ: (+91) 98412 71858 ഇ-മെയിൽ: sam@echoofhiscall.org

ഈ സന്ദേശം എല്ലാ അമ്മമാർക്കും വേണ്ടിയുള്ളതാണ് - ജൈവശാസ്ത്രപരം, ദത്തെടുക്കൽ, ആത്മീയം, കാത്തിരിക്കുന്നവർ, ദുഃഖിക്കുന്നവർ, ഇപ്പോഴും വിശ്വസിക്കുന്നവർ, എന്നിവർക്കായി:

- പുറമെ ചിരിക്കുകയും അകമെ കരയുകയും ചെയ്യുന്നവർ,
- നിശബ്ദമായ നിരാശകൾ ഉള്ളിൽ വഹിക്കുന്നവർ,
- പ്രായം, സമയം അല്ലെങ്കിൽ വേദന എന്നിവ കാരണം സ്വപ്നങ്ങൾ മാറ്റിവച്ചവർ,
- കണ്ടില്ല എന്നു കരുതുന്നവർ, വിലമതിക്കപ്പെടാത്തവർ, മറന്നുപോയവർ, അല്ലെങ്കിൽ ഒരു പക്ഷെ "വളരെ വൈകിപ്പോയി" എന്നു തോന്നുന്നവർ.

പ്രിയ ദൈവമക്കളേ, ഒരു മാതാവിന്റെ ഹൃദയത്തിലുള്ള മറഞ്ഞിരിക്കുന്ന ഇടങ്ങളെ കൈകാര്യം ചെയ്യാൻ കർത്താവ് ആഗ്രഹിക്കുന്നു - അവയെ തുറന്നു കാട്ടാൻ അല്ല, മറിച്ച് അവയെ സുഖപ്പെടുത്താനും പുനഃസ്ഥാപിക്കാനും.

## 1. അമ്മമാർ നിശബ്ദമായി ചിരിക്കുന്നു!

**സാറാ ഉള്ളുകൊണ്ടു ചിരിച്ചു** എന്ന് ഉൽപ്പത്തി പുസ്തകം 18:12 ൽ കാണുന്നു.

അമ്മമാർ നിശബ്ദ ചിരിയുടെ യജമാനന്മാരാണ്. നാം നമ്മുടെ ആഴമേറിയ വികാരങ്ങൾ അപൂർവ്വമായി മാത്രമേ വെളിപ്പെടുത്തുകയോ പങ്കിടുകയോ ചെയ്യാറുള്ളൂ. പകരം, പലപ്പോഴും നാം ഇങ്ങനെ പറയാറുണ്ട്:

- നാം പൂർണ്ണമായും ക്ഷീണിതരായിരിക്കുമ്പോൾ "എനിക്ക് സുഖമാണ്,"
- നാം ആഴത്തിൽ വേദനപ്പെടുമ്പോൾ "അത് കുഴപ്പമില്ല,"
- നാം ഇപ്പോഴും കാത്തിരിക്കുമ്പോൾ "ഞാൻ മുന്നോട്ടു പോയി,"
- നമ്മുടെ ഹൃദയം ഇപ്പോഴും അതിനായി കൊതിക്കുമ്പോൾ "എനിക്ക് ഇനി അത് ആവശ്യമില്ല."

എന്നൊക്കെ പറയുന്നതുകൊണ്ടാണ് സ്ത്രീകളെ മനസ്സിലാക്കാൻ പ്രയാസമാണെന്ന് നമ്മിൽ പലരും പലപ്പോഴും പറയുന്നത്. സാറയുടെ ചിരി താഴെ പറഞ്ഞിരിക്കുന്നവ മൂലമുള്ള ചിരിയാണെന്നു നമുക്ക് മനസ്സിലാക്കാൻ കഴിയും:

- നിരാശ
- കാലതാമസം
- വേദന
- സ്വയം സംരക്ഷണം

വർഷങ്ങളുടെ ദുഃഖവും നിരാശയും അവളുടെ ചിരിയെ രൂപപ്പെടുത്തി. അവഹേളിക്കുന്ന കണ്ണുകൾ, മൂർച്ചയേറിയതും കുറ്റപ്പെടുത്തുന്നതുമായ വാക്കുകൾ, അവളുടെ സാഹചര്യത്തെ "ആത്മീയവൽക്കരിക്കുവാൻ" നടത്തിയ നിരന്തരമായ ശ്രമങ്ങൾ-അവളെ ഒരു ശാപമായി മുദ്രകുത്തി-വർഷങ്ങളായി അവളുടെ ഹൃദയത്തെ പതിയെ പതിയെ കഠിനമാക്കി അവളെ സംരക്ഷിതയും ശാന്തയും വൈകാരികമായി ഒറ്റപ്പെട്ടവളുമാക്കി.

ഒരു ദിവസം അവൾ ഒരു അമ്മയാകും എന്ന ദൈവത്തിന്റെ വാഗ്ദാനം ഒടുവിൽ അവൾ കേട്ടപ്പോൾ ആഘോഷിക്കുവാനായി അവളുടെ ഉള്ളിൽ ഒന്നും അവശേഷിക്കുന്നുണ്ടായിരിക്കുകയില്ലായിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

അമ്മമാർ മാത്രമല്ല, നമ്മിൽ പലരും സാറായെപ്പോലെ ശാന്തമായി ചിരിക്കുന്നു. അത് ദൈവത്തെ സംശയിക്കുന്നതുകൊണ്ടല്ല, മറിച്ച് നമ്മുടെ ഹൃദയങ്ങളെ സംരക്ഷിക്കുന്നതുകൊണ്ടാണ്.

എന്നിട്ടും ദൈവം ആ ചിരി കേട്ടു എന്നതാണ് മനോഹരമായ സത്യം.

ഇതു സംഭവിക്കുമ്പോൾ സാറാ കൂടാരത്തിന്റെ ഉള്ളിൽ ആയിരുന്നു. അതിനാൽ അവളുടെ ചിരി മറ്റുള്ളവരിൽനിന്നും മറഞ്ഞിരുന്നു, മനുഷ്യനേത്രങ്ങൾക്ക് അദൃശ്യമായിരുന്നു. എന്നിട്ടും ദൈവം അത് കാണുകയും കേൾക്കുകയും ചെയ്തു.

അത്തരം നിമിഷങ്ങൾ നാം അഭിമുഖീകരിക്കുമ്പോൾ, അത് ദൈവം നമ്മെ ലജ്ജിപ്പിക്കാനല്ല, മറിച്ച് നമുക്ക് സൗഖ്യം നൽകുവാനാണ്.

## 2. ദൈവം ഒരു അമ്മയുടെ സംശയത്തെ വെല്ലുവിളിക്കുന്നു!

അബ്രഹാമിന്റെയും സാറായുടെ ചിരിയും തമ്മിൽ ശ്രദ്ധേയമായ വ്യത്യാസമുണ്ട്. വാർത്ത കേട്ട അബ്രഹാം അത്ഭുതത്തോടെ ചിരിച്ചു, സന്തോഷം കൊണ്ടു നിറഞ്ഞു. എന്നാൽ സാറ വേദനയും നിരാശയും കൊണ്ടാണ് ചിരിച്ചത്.

"സാറാ എന്തിനാണ് ചിരിച്ചത്" എന്ന് അവളോട് ദൈവം ചോദിച്ചത് എന്തുകൊണ്ടാണ്?

അവൾ ചിരിച്ചത് എന്തുകൊണ്ടാണെന്ന് ദൈവത്തിന് അറിയില്ലായിരുന്നു എന്നു നിങ്ങൾ കരുതുന്നുണ്ടോ? അവളുടെ വേദന അവനു മനസ്സിലായില്ല എന്നു നിങ്ങൾ കരുതുന്നുണ്ടോ?

പുതിയനിയമ ഭാഗത്തിൽ യേശുക്രിസ്തു ഒരു അന്ധനെ സുഖപ്പെടുത്താൻ പോകുമ്പോൾ അവൻ സമാനമായ ഒരു ചോദ്യം ചോദിച്ചു. മർക്കൊസ് 10:52-ൽ പറഞ്ഞിരിക്കുന്നതുപോലെ അന്ധനോടു **ഞാൻ നിനക്കു എന്തു ചെയ്തുതരേണമെന്നു നീ ഇച്ഛിക്കുന്നു** എന്നു ചോദിച്ചപ്പോൾ "റബ്ബൂനീ, എനിക്കു കാഴ്ച പ്രാപിക്കേണം" എന്ന് അവൻ മറുപടി പറഞ്ഞു. അവനു മറ്റെന്താണ് ചോദിക്കാൻ കഴിയുക?

ദൈവം നമ്മോട് അത്തരം ചോദ്യങ്ങൾ ചോദിക്കുന്നത് നമ്മുടെ ആവശ്യം അവന് അറിയാത്തതുകൊണ്ടല്ല. മറിച്ച് സാറായെപ്പോലെ, എത്രമാത്രം അവിശ്വാസം നമ്മുടെ ഉള്ളിൽ നിശബ്ദമായി പതിഞ്ഞിരിക്കുന്നു എന്നു മനസ്സിലാക്കിത്തരുവാനാണ്.

ദൈവം ഉടനെ തന്നെ സാറായെ നേരിടുകയാണ്:

**വൃദ്ധയായ ഞാൻ പ്രസവിക്കുന്നതു വാസ്തവമോ എന്നു പറഞ്ഞ് സാറാ ചിരിച്ചത് എന്ത്?** (ഉൽപ്പത്തി 18:13).

അവന്റെ ശാസന ശിക്ഷയായിരുന്നില്ല - അത് പുനരുജ്ജീവനമായിരുന്നു.

പ്രിയ സുഹൃത്തുക്കളേ, ഓർക്കുക: ദൈവം നമ്മെ അഭിമുഖീകരിക്കുന്നത്

- നാം ഇപ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന കുഞ്ഞിനുവേണ്ടി
- നാം പ്രതീക്ഷിച്ച വാഗ്ദാനത്തിന്റെ പ്രതീക്ഷ അസ്തമിച്ചത്
- നാം വിശ്വാസം അവസാനിപ്പിച്ച വ്യക്തിത്വം
- നാം നിശബ്ദമായി ഉപേക്ഷിച്ച ഭാവി
- നമുക്കു നഷ്ടപ്പെട്ട സ്വപ്നങ്ങൾ

അടഞ്ഞുപോയ ഗർഭപാത്രത്തെ അവൻ ഉണർത്തുകയായിരുന്നു.

മരവിച്ച ഒരു വിശ്വാസത്തെ അവൻ പുനരുജ്ജീവിപ്പിക്കുകയായിരുന്നു.

6-ാം പേജിൽ തുടരും...

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1983

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**മെയ് 19** ⇨ നമ്മുടെ മിഷണറി പ്രവർത്തകരുടെ ആഴമായ പ്രതിബദ്ധതക്കായി.

**മെയ് 20** ⇨ നമ്മുടെ ജീവനക്കാരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**മെയ് 21** ⇨ യുദ്ധഭീതിയുടെയും മറ്റു പ്രശ്നങ്ങളുടെയും മദ്ധ്യേ രാഷ്ട്രങ്ങളെ സംരക്ഷിച്ചുകൊണ്ടിരിക്കുന്നതിനായി.

**മെയ് 22** ⇨ രാഷ്ട്രീയവും മതപരവുമായ എതിർപ്പുകളുടെയും മദ്ധ്യേ ക്രിസ്തീയ ശുശ്രൂഷകൾ സ്ഥിരോത്സാഹത്തോടെ വളർന്നുകൊണ്ടിരിക്കുന്നതിനായി.

**മെയ് 23** ⇨ സമൂഹത്തിന്റെ എല്ലാ മേഖലകളിലും സ്ത്രീകളുടെ ഉന്നമനത്തിനും ശാക്തികരണത്തിനും.

**മെയ് 24** ⇨ സമർപ്പിതരായ തൊഴിലാളികളുടെ പിന്തുണയോടെ സുവിശേഷ അച്ചടിശാലയുടെ കാര്യക്ഷമമായ പ്രവർത്തനം തുടരുന്നതിനായി.

**മെയ് 25** ⇨ **നെഹെമ്യ ബൈബിൾ കോളേജിന്റെ** റെസിഡൻഷ്യൽ, സായാഹ്ന കോഴ്സുകളിൽ ചേരുന്ന പുതിയ വിദ്യാർത്ഥികൾക്കായി.

**മെയ് 26** ⇨ നെഹെമ്യ ബൈബിൾ കോളേജിലെ സമർപ്പിതരായ അദ്ധ്യാപകരുടെ അനുഗ്രഹത്തിനായി.

**മെയ് 27** ⇨ മുഖ്യസഭയിലെയും ശാഖാസഭകളിലെയും ആരാധനകൾ അനുഗ്രഹിച്ചതിനായി.

**മെയ് 28** ⇨ ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിന്റെയും (ബൈബിൾകോർ) തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സുകളുടെയും പുരോഗതിക്കായി.

**മെയ് 29** ⇨ സീനിയർ പാസ്റ്റർ എസ്. സാം സെൽവരാജിന്റെയും കുടംബത്തിന്റെയുംമേലുള്ള എല്ലാ ദോഷങ്ങളിൽ നിന്നുമുള്ള ദൈവീക വിടുതലിനായി.

**മെയ് 30** ⇨ മുഖ്യസഭയിലെയും ശാഖാസഭകളിലെയും എല്ലാ അംഗങ്ങളും അനുഗ്രഹിക്കപ്പെടുവാൻ.

**മെയ് 31** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**ജൂൺ 01** ⇨ മുഖ്യസഭയും ശാഖാസഭകളും നടത്തിയ വെക്കേഷൻ ബൈബിൾ സ്കൂൾ അനുഗ്രഹിച്ചതിനായി.

**ജൂൺ 02** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിന്റെ** 2026–27 വർഷത്തേക്കുള്ള പ്രവേശനത്തിന്റെ അനുഗ്രഹത്തിനായി.

**ജൂൺ 03** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിന്റെ** പത്താം ക്ലാസ്സിലെ കുട്ടികൾക്ക് നല്ല വിജയം നൽകി അനുഗ്രഹിച്ചതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**ജൂൺ 04** ⇨ ഞങ്ങളുടെ എല്ലാ അസ്സോസിയേറ്റ് എഡിറ്റർമാർക്കും അവരുടെ കുടുംബത്തിനുമായി.

**ജൂൺ 05** ⇨ സാദ്ധ്യമായ എല്ലാ വഴികളിലൂടെയും ഞങ്ങളുടെ ശുശ്രൂഷകളുടെ വികസനത്തിനായി.

**ജൂൺ 06** ⇨ പ്രാർത്ഥനയിലൂടെയും സാമ്പത്തിക സഹായത്തിലൂടെയും ഞങ്ങളുടെ ശുശ്രൂഷകളെ വിശ്വസ്തതയോടെ ഉയർത്തിപ്പിടിക്കുന്ന ഞങ്ങളെ പിന്തുണക്കുന്നവർ, അഭ്യുദയകാംക്ഷികൾ, സുഹൃത്തുക്കൾ എന്നിവർക്കായി.

**ജൂൺ 07** ⇨ ലോകമെമ്പാടുമുള്ള എല്ലാ പ്രസിഡന്റുമാർ, പ്രധാനമന്ത്രിമാർ, മറ്റു സർക്കാർ അധികാരികൾ എന്നിവർക്കായി.

**ജൂൺ 08** ⇨ യു.എസ്സ്–ഇസ്രായേൽ–ഇറാൻ സംഘർഷം ബാധിച്ച രാജ്യങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ പുനർനിർമ്മിക്കുവാനും വളരെ വേഗം മോചനം പ്രാപിക്കുവാനുമായി.

**ജൂൺ 09** ⇨ വെക്കേഷൻ ബൈബിൾ സ്കൂളിൽ പങ്കെടുത്ത ലോകം മുഴുവനുമുള്ള കുട്ടികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കുവാൻ.

**ജൂൺ 10** ⇨ നടന്നുകൊണ്ടിരിക്കുന്ന എല്ലാ യുദ്ധങ്ങളും അവസാനിക്കുവാനും ലോകം മുഴുവനും സമാധാനം കളിയാടുവാനും.

**ജൂൺ 11** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിന്റെ** 2026–27 വർഷത്തിലേക്ക് പ്രവേശിപ്പിക്കപ്പെടുന്ന പുതിയ വിദ്യാർത്ഥികളുടെ അനുഗ്രഹത്തിനായി.

**ജൂൺ 12** ⇨ **നെഹെമ്യ ബൈബിൾ കോളേജിന്റെ** റെസിഡൻഷ്യൽ, സായാഹ്ന കോഴ്സുകളിൽ അർഹതയുള്ള വിദ്യാർത്ഥികൾ പ്രവേശിപ്പിക്കപ്പെടുവാൻ.

**ജൂൺ 13** ⇨ ഞങ്ങളുടെ ജീവനക്കാരുടെയും കുടുംബാംഗങ്ങളുടെയും നല്ല ആരോഗ്യത്തിനായി.

**ജൂൺ 14** ⇨ എല്ലാ ക്രിസ്തീയ സംഘടനകൾക്കും ദൈവീകമായ അനുഗ്രഹവും സംരക്ഷണയും ലഭിക്കുവാൻ.

**ജൂൺ 15** ⇨ സുവിശേഷം എത്തിച്ചേരാത്തിടങ്ങളിൽ വിവിധ മാർഗ്ഗങ്ങളിലൂടെ എത്തിക്കുവാനായി.

**ജൂൺ 16** ⇨ ഭൂമിയിൽ ദൈവരാജ്യം കെട്ടിപ്പടുക്കുവാനുള്ള കൂടുതൽ ദർശനം ദൈവം നൽകുവാനായി.

**ജൂൺ 17** ⇨ എല്ലാ യുവാക്കളും കുട്ടികളും യേശുക്രിസ്തുവിനെ വ്യക്തിപരമായ രക്ഷകനായി സ്വീകരിക്കുവാൻ.

**ജൂൺ 18** ⇨ സീനിയർ പാസ്റ്റർ എസ്. സാം സെൽവരാജിന്റെയും കുടുംബത്തിന്റെയും നല്ല ആരോഗ്യത്തിനായി.

....Contd. from page 4

## 3.ദൈവവചനം എവിടെയും ഒരു അമ്മയെ കണ്ടെത്തുന്നു!

നാം എവിടെയായിരുന്നാലും ദൈവം നമ്മെ കാണുന്നു എന്ന വസ്തുത ഞാൻ ഇഷ്ടപ്പെടുന്നു. അബ്രഹാം കൂടാരത്തിനു പുറത്തായിരുന്നപ്പോൾ സാറാ അകത്തായിരുന്നു. എന്നിട്ടും ദൈവം ആ സ്ഥലത്തുവച്ചുതന്നെ സംസാരിച്ചു.

അതുപോലെ, നഥനയേലിനെ അത്തിമരത്തിന്റെ ചുവട്ടിൽ ഇരിക്കുന്നവനായി കണ്ടു.

ദൈവം സാറായോടു കൂടാരത്തിന്റെ പുറത്തു വരുവാൻ പറഞ്ഞില്ല.

അവൾ എവിടെ ആയിരുന്നുവോ അവിടെവച്ചു തന്നെ സംസാരിച്ചു. ആമേൻ! നാം എവിടെയായിരുന്നാലും അവിടെവച്ച് ദൈവം സംസാരിക്കുന്നു.

നമ്മിൽ മിക്കവരും ജോലികളിൽ മുഴുകി, മറ്റുള്ളവരെ പരിപാലിച്ച്, നമ്മുടെ ഉത്തരവാദിത്തങ്ങൾ നിശബ്ദമായി നിർവ്വഹിച്ച് ഒളിവിൽ കഴിയുന്നവരെപോലെ ആയിരിക്കാം.

***ദൈവം അമ്മമാരോടു സംസാരിക്കുന്നു;***

- അടുക്കളകളിൽ
- കാറുകളിൽ
- ജോലിസ്ഥലങ്ങളിൽ
- പ്രാർത്ഥനാമുറികളിൽ
- ആശുപത്രികളിൽ
- അർദ്ധരാത്രി പൊഴിക്കുന്ന കണ്ണുനീരിൽ
- നിശബ്ദ പോരാട്ടങ്ങളിൽ
- തകർന്ന സ്വപ്നങ്ങളുടെ നടുവിൽ

പ്രിയ ദൈവമക്കളേ, പ്രത്യാശ കൈവെടിയരുത്. നാം എവിടെയായിരുന്നാലും ദൈവം നമ്മെ കാണുന്നു. ബന്ധുക്കളിൽനിന്നോ കൂട്ടുകാരിൽനിന്നോ നിങ്ങൾക്കു മറഞ്ഞിരിക്കാം. പക്ഷെ ദൈവത്തിൽനിന്നു നമുക്കു മറഞ്ഞിരിക്കുവാൻ കഴിയില്ല. ഒരു അമ്മയുടെ ആർദ്രമായ കരുതലോടെ അവൻ നമ്മെ കാക്കുന്നു.

## 4. വാഗ്ദാനം വരുന്നതിനുമുമ്പ് ദൈവം ഒരു അമ്മയുടെ ഹൃദയം പുനഃസ്ഥാപിക്കുന്നു!



*സാറയുടെ ഹൃദയത്തിൽ വിശ്വാസം ഉടലെടുക്കണം*

സാറായുടെ ഗർഭപാത്രത്തിൽ യിസ്ഹാക്ക് രൂപപ്പെടുന്നതിനുമുമ്പുതന്നെ അവളുടെ ഹൃദയത്തിൽ വിശ്വാസം ഗർഭം ധരിക്കേണ്ടതായുണ്ട്. സാറാ മനുഷ്യവർഗ്ഗത്തിനായുള്ള ദൈവത്തിന്റെ ഏറ്റവും വലിയ വാഗ്ദാനം നിറവേറ്റാൻപോകുകയായിരുന്നു. ഇതു സംഭവിക്കുന്നതിനുമുമ്പ് ദൈവം അവളുടെ ഉള്ളിൽ ഒരു പ്രവൃത്തി ചെയ്യണമായിരുന്നു.

**യഹോവയാൽ കഴിയാത്ത കാര്യം ഉണ്ടോ?** എന്നു ദൈവം അവളോടു ചോദിച്ചു.

ഇത് കഴിവിന്റെ ചോദ്യമായിരുന്നില്ല; അത് യോജിപ്പിന്റെ ചോദ്യമായിരുന്നു.

**ദൈവം പറയുന്നത്: അമ്മമാരുടെ**

- ***ഹൃദയത്തെ സുഖപ്പെടുത്തണം***
- ***പ്രത്യാശ പുനഃസ്ഥാപിക്കണം***
- ***വിശ്വാസത്തെ ഉണർത്തണം***
- ***ആത്മാവിനെ വീണ്ടും ഉണർത്തണം***
- ***അസാദ്ധ്യമായത് സാദ്ധ്യമാക്കുവാൻ എനിക്കു കഴിയുമെന്ന് നിങ്ങൾ വിശ്വസിക്കണമെന്ന്ഞാൻ ആഗ്രഹിക്കുന്നു.***

പ്രിയ ദൈവമക്കളേ, ഇനി നാം വിശ്വസിക്കാത്ത കാര്യങ്ങൾക്ക് പുതിയ ജന്മം നൽകാൻ നമുക്കു കഴിയുകയില്ല.

ആശ നഷ്ടപ്പെട്ടവരും ദീർഘകാലമായി തുടരുന്നതുമായ വേദനകൾ കാരണം മരവിപ്പ് അനുഭവിക്കുന്നവരുമായ ചിലരോടു ദൈവം സംസാരിക്കുന്നു. തന്റെ പദ്ധതിയുമായി ഒത്തുചേരുവാനായി ദൈവം കാത്തിരിക്കുന്നു. ദൈവത്തിന്റെ ദർശനവുമായി നമ്മുടെ ദർശനം ഒത്തുചേരുന്നില്ല എങ്കിൽ, നമ്മുടെ ജീവിതത്തിൽ അവൻ ചെയ്യാൻ ഉദ്ദേശിക്കുന്നത് നിറവേറ്റുവാൻ കഴിയുകയില്ല.

ദൈവം ഇപ്പോൾ നമ്മിൽ ചിലരുടെ ജീവിതങ്ങളിൽ പ്രവർത്തിക്കുന്നു. അവന്റെ വാഗ്ദാനം നിറവേറ്റുന്നതിനായി കാത്തിരിക്കുമ്പോൾ, നിരുത്സാഹപ്പെടുകയോ ദൈവത്തെ സംശയിക്കുകയോ ചെയ്യുന്നതിനുപകരം, നമുക്കു സ്വയം പുനഃപരിശോധിക്കുകയും നമ്മുടെ ജീവിതത്തെ അവന്റെ ഇഷ്ടവുമായി പൊരുത്തപ്പെടുത്തുകയും ചെയ്യാം.

## 5. ദൈവം ഒരു അമ്മയുടെ സംശയത്തെ ഒരു അമ്മയുടെ വിധിയാക്കി മാറ്റുന്നു!

ഈ മാസം, ദൈവം നമ്മുടെ സംശയങ്ങളെ നമ്മുടെ വിധിയാക്കി മാറ്റട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. സാറാ ഒരിക്കൽ ദൈവത്തിന്റെ വാഗ്ദാനത്തെ സംശയിച്ചിരുന്നു, എന്നാൽ ദൈവം നിശ്ചയിച്ച സമയത്ത് എല്ലാം മാറിമറിഞ്ഞു. ഇതു നിങ്ങൾക്കും നിശ്ചയിച്ച സമയമായിരിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

9-ാം പേജിൽ തുടരും...


നെഹെമ്യ ബൈബിൾ കോളേജുകൾ

ചെപ്പോക്ക് & സന്തോഷപുരം, വേളാച്ചേരി ചെന്നൈ.

അതിവേഗം അഡ്മിഷൻ നേടുവിൻ!

ഭാഷ : തമിഴ് (Part time)
ഹിന്ദി (Residential) (Sponsorship available)

യോഗ്യത : പത്താം ക്ലാസ്സും അതിനു മുകളിലും

ദൈവശാസ്ത്രത്തിൽ ഡിപ്ലോമ & ദൈവശാസ്ത്രത്തിൽ ബിരുദം

കഴിഞ്ഞ 56 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2–ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ–600 005, ഇന്ത്യ
ഫോൺ : (91–44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## മുഖ്യസഭയിലെ പരിപാടികൾ

| | | |
|---|---|---|
| 01. പ്രാർത്ഥന സഹായം | - | 24 മണിക്കൂർ |
| 02. വിളിയുടെ പ്രതിധ്വനി മാസികകൾ തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ | | |
| 03. ബൈബിൾകോർ - പ്രാഥമിക ബൈബിൾ കോഴ്സുകൾ (തമിഴ്, ഇംഗ്ലീഷ്, ഹിന്ദി) | | |
| 04. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സുകൾ | - | ഇംഗ്ലീഷ്, തമിഴ് |
| 05. നെഹെമ്യ ബൈബിൾ കോളേജ് | - | ചെപ്പോക്ക്, സന്തോഷപുരം, വേളാച്ചേരി |
| 06. ശാഖാ സഭകൾ | - | സന്തോഷപുരം, ബാലാജി നഗർ, വേളാച്ചേരി |
| 07. പരമനിയോഗ ദൗത്യ പങ്കാളികൾ | - | പാസ്റ്റർമാരുടെ ചങ്ങല |
| 08. ട്രെയിനിംഗ് പരിപാടികൾ | - | സെമിനാറുകൾ, റിട്രീറ്റുകൾ |
| 09. ക്രൂസേഡുകൾ | | |
| 10. ലഘുലേഖ വിതരണം, തുടർ നടപടികൾ | | |
| 11. സുവിശേഷ അച്ചടിശാല | - | പ്രസിദ്ധീകരണങ്ങൾ |
| 12. സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ | - | ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം |
| 13. സണ്ടേസ്കൂൾ (ചെപ്പോക്ക്) | - | ഞായർ രാവിലെ 10.30 മണി |
| (വേളാച്ചേരി, ബാലാജി നഗർ, സന്തോഷപുരം) | - | ഞായർ വൈകുന്നേരം 3.00 മണി |
| 14. അതിരാവിലെ ആരാധന | - | ഞായർ രാവിലെ 5.30 മണി |
| 15. പ്രാഥമിക ആരാധന | - | ഞായർ രാവിലെ 8.00 മണി |
| 16. തമിഴ് ആരാധന | - | ഞായർ രാവിലെ 8.30 മണി |
| 17. യുവജന കൂട്ടായ്മ | - | ഞായർ രാവിലെ 11.00 മണി |
| 18. ഉച്ചഭക്ഷണ കൂട്ടായ്മ | - | ഞായർ ഉച്ചയ്ക്കു 1.00 മണി |
| 19. തെലുങ്ക് ആരാധന | - | ഞായർ വൈകുന്നേരം 4.00 മണി |
| 20. ഹിന്ദി ആരാധന | - | ഞായർ വൈകുന്നേരം 5.00 മണി |
| 21. തമിഴ് & ഇംഗ്ലീഷ് ആരാധന | - | ഞായർ വൈകുന്നേരം 6.00 മണി |
| 22. പ്രതികരണ സമയം | - | ഞായർ വൈകുന്നേരം 7.30 മണി |
| 23. സ്ത്രീകളുടെ പ്രാർത്ഥനായോഗം | - | ബുധൻ വൈകുന്നേരം 5.30 മണി |
| 24. ഹിന്ദി പ്രാർത്ഥന | - | വ്യാഴം വൈകുന്നേരം 7.00 മണി |
| 25. പുരുഷന്മാരുടെ യോഗം | - | വെള്ളി വൈകുന്നേരം 7.30 മണി |
| 26. ശിഷ്യത്വ യോഗം | - | ശനി വൈകുന്നേരം 6.00 മണി |
| 27. ഭവന കൂട്ടായ്മ | - | ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 28. പ്രത്യേക കർതൃമേശ | - | എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി |
| 29. സുവിശേഷകരുടെ അവലോകനം | - | ആദ്യ ശനി വൈകുന്നേരം 5.30 മണി |
| 30. രക്ഷിതാക്കളുടെ പ്രാർത്ഥന | - | ആദ്യ ഞായർ വൈകുന്നേരം 4.00 മണി |
| 31. രാത്രി പ്രാർത്ഥന | - | മൂന്നാം വെള്ളി രാത്രി 9.30 മണി |
| 32. ഉപവാസ പ്രാർത്ഥന | - | രണ്ടാം ശനി രാവിലെ 9.30 മണി |
| 33. കർതൃമേശ | - | രണ്ടാം ഞായർ ആരാധനയോടൊപ്പം |
| 34. യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന | - | ദിവസവും രാത്രി 10.00 മണി (ഫോണിലൂടെ) |
| 35. സ്റ്റാഫുകളുടെ ധ്യാനം | - | ദിവസവും രാവിലെ 9.00 മണി |
| 36. ഓഫീസ് | - | രാവിലെ 9.00 മുതൽ രാത്രി 9.00 വരെ (ഞായർ ഒഴികെ) |

## വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (662 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ:*

ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2967,
ചെപ്പോക്ക്, ചെന്നൈ - 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്പ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് **വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.**

| | | |
|---|---|---|
| **Account Name** | : | **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : | **1023 2923 805** |
| **Bank Name** | : | **STATE BANK OF INDIA** |
| **Branch** | : | **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : | **SBIN 0000249** |
| **SWIFT Code** | : | **SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

„വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## യഹോവയിൽ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ. സദൃശ്യവാക്യങ്ങൾ 16:20

എന്റെ ശുശ്രൂഷയുടെ പ്രാരംഭ വർഷങ്ങൾക്കുശേഷം, വിദേശ രാജ്യങ്ങളിലെ മിഷനറിമാർ ജീവിക്കുന്നത് എങ്ങനെ, ആത്മീയ ജീവിതം എങ്ങനെയാണ് പരിപോഷിപ്പിക്കുന്നത്, ആ രാജ്യങ്ങളിലെ ശുശ്രൂഷകൾ എങ്ങനെയാണ് നടത്തപ്പെടുന്നത് എന്നൊക്കെ അറിയാനുള്ള ജിജ്ഞാസ എന്നിൽ വളർന്നുവന്നു. എന്നാൽ, അപ്പോൾ എനിക്ക് വരുമാന മാർഗ്ഗങ്ങളോ, പൊതുജന പിന്തുണയോ, മതിയായ ആത്മീയദാനങ്ങളോ വരങ്ങളോ ഇല്ലായിരുന്നു.

എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട്, ഞാൻ തന്നെ എന്റെ ഡയറിയിൽ, ഞാൻ 1989 ഓഗസ്റ്റിൽ മലേഷ്യ സന്ദർശിക്കുമെന്ന് എഴുതാൻ ധൈര്യപ്പെട്ടു. ഇങ്ങനെ എഴുതിയ കാര്യം ഞാൻ ഉടനെതന്നെ മറന്നുപോകുകയും ഏകദേശം മൂന്നു മാസത്തോളം ഇതിനെക്കുറിച്ച് ഓർക്കാതെയും ഇരുന്നു. ഒരു ദിവസം പെട്ടെന്ന് ആ ഡയറി കാണുകയും എന്റെ പദ്ധതിയെക്കുറിച്ച് ഓർക്കുവാൻ ഇടയാകുകയും ചെയ്തു. എന്റെ സന്ദർശന തീയതി വേഗത്തിൽ അടുത്തു വരികയാണെന്നു മനസ്സിലാക്കിയപ്പോൾ, ഞാൻ ആ വിഷയം പ്രാർത്ഥനയിലൂടെ കർത്താവിന്റെ അടുക്കൽ കൊണ്ടുവന്നു അവന്റെ വചനത്തിൽ വിശ്വസിച്ചു.

> **ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു** (ഫിലിപ്പിയർ 4:6).

ദിവസങ്ങൾ ആഴ്ചകൾ ആയി എങ്കിലും ഒന്നും സംഭവിക്കുന്നതായി തോന്നിയില്ല. ഇന്ത്യയ്ക്കു പുറത്തേക്കു യാത്ര ചെയ്യുവാനുള്ള സാഹചര്യം എനിക്കില്ല എന്ന് അറിയാമായിരുന്നെങ്കിലും ദൈവത്തിലുള്ള വിശ്വാസം അചഞ്ചലമായി തന്നെ ഉണ്ടായിരുന്നു. ഈ സമയത്ത് സ്ഥിരമായി മലേഷ്യയിലേക്കു പോയിക്കൊണ്ടിരുന്ന ഒരു സഹോദരനെ കാണുവാനിടയായി. എന്റെ ആഗ്രഹം അദ്ദേഹവുമായി പങ്കുവച്ചപ്പോൾ മാർഗ്ഗനിർദ്ദേശത്തിനായി ചെന്നൈയിലുള്ള അദ്ദേഹത്തിന്റെ ഭവനത്തിൽ വരാൻ പറഞ്ഞു. ഞാൻ അടുത്ത പ്രഭാതത്തിൽ അവിടെ ചെന്നു. പക്ഷെ, അദ്ദേഹം മറ്റു കാര്യങ്ങളാൽ തിരക്കിലായതിനാൽ അടുത്ത ദിവസം വരാൻ പറഞ്ഞു. ഈ രീതിയിൽ ഏകദേശം ഒരു മാസം കടന്നുപോയി. ഓരോ പ്രാവശ്യത്തെ സന്ദർശനത്തിനും എനിക്ക് സമയവും പണവും നഷ്ടമായി എങ്കിലും അദ്ദേഹം സഹായിക്കുകയില്ല എന്നു അവസാനം മനസ്സിലാക്കി.

അവസാനം എന്നോടു അദ്ദേഹം ഇങ്ങനെ പറഞ്ഞു: "നിനക്കു മലേഷ്യയിൽ പോകാൻ സാധിക്കുകയില്ല. എന്നെപ്പോലെയുള്ള വരം ലഭിച്ചവർക്കും കഴിവുള്ളവർക്കും മാത്രമേ അവിടെ പോകാൻ കഴിയുകയുള്ളു. അതിനാൽ ഇനി എന്നെ കാണാൻ വരേണ്ട."

അദ്ദേഹം നിരുത്സാഹപ്പെടുത്തി എങ്കിലും ഞാൻ പ്രതീക്ഷ കൈവിട്ടില്ല. ദൈവഹിതം വെളിപ്പെടാൻ പ്രാർത്ഥനയോടെ കാത്തിരുന്നു.

രണ്ടാഴ്ച കഴിഞ്ഞ് ഓഫീസിൽ വന്ന കത്തുകളുടെ കൂട്ടത്തിൽ മലേഷ്യയിൽ ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്ന പാസ്റ്റർ ദേവരാജലുവിന്റെ കത്ത് കണ്ടു. അതിൽ ഇങ്ങനെ എഴുതിയിരുന്നു:

***ക്രിസ്തുവിൽ പ്രിയ സഹോദരൻ, ബ്ര. സാം സെൽവരാജ്,***

***ഞാൻ പുസ്തകങ്ങളെ സ്നേഹിക്കുന്ന ആളാണ്. ഇന്ന് പഴയ പുസ്തകങ്ങൾ വില്ക്കുന്ന ഒരു കടയിൽ പോയപ്പോൾ വിളിയുടെ പ്രതിധ്വനി മാസികയുടെ ഒരു പഴയ കീറിയ പതിപ്പ് കാണുവാനിടയായി. ഞാൻ അത് വായിച്ചപ്പോൾ കർത്താവ് എന്നോടു സംസാരിച്ചു;***

***ദയവായി അതിന്റെ പഴയ ലക്കങ്ങളും അയച്ചു തരിക. തപാൽ ചിലവു ഞാൻ വഹിക്കുന്നതാണ്. നിങ്ങളെ നേരിട്ടു കാണുവാൻ ആഗ്രഹിക്കുന്നു; നിങ്ങളുടെ യാത്ര, താമസം, ഭക്ഷണം എന്നിവയുടെ ചിലവു വഹിക്കാൻ ഞാൻ തയ്യാറാണ്. ദയവായി മലേഷ്യയിലേക്കു വരിക.***

***കൂടാതെ സിംഗപ്പൂരിലും ഇന്തൊനേഷ്യയിലും ശുശ്രൂഷ ചെയ്യാൻ ഞാൻ സൗകര്യം ഒരുക്കാം. നിങ്ങളെപ്പോലെയുള്ള ദൈവത്തിന്റെ ശുശ്രൂഷകരെ ഞങ്ങൾക്കു ആവശ്യമാണ്. ദയവായി ഉടൻ മറുപടി നൽകുക.***

സ്നേഹത്തോടെ,<br>പാസ്റ്റർ ദേവരാജലു

ദൈവത്തിന്റെ വിശ്വസ്തതയിൽ ഞാൻ അതിശയിച്ചു. ഞാൻ ഡയറിയിൽ എഴുതിയതുപോലെ പാസ്റ്റർ ദേവരാജലുവിന്റെ സഹായത്തോടെ 1989 ആഗസ്റ്റിൽതന്നെ മലേഷ്യ സന്ദർശിക്കാൻ ദൈവം അനുവദിച്ചു. ഞാൻ സിംഗപ്പൂരും ഇന്തൊനേഷ്യയും സന്ദർശിച്ച് പതിനായിരങ്ങൾ പങ്കെടുത്ത യോഗങ്ങളിൽ, പാപത്തിൽനിന്നും ശാപത്തിൽനിന്നും ദാരിദ്ര്യത്തിൽനിന്നും യേശുക്രിസ്തുവിലൂടെയുള്ള വിടുതലിനെക്കുറിച്ചുള്ള സന്ദേശം പങ്കുവച്ചു. അവിടെ ശുശ്രൂഷിക്കാൻ ദൈവം അവസരം തന്നതിലൂടെ കർത്താവിന്റെ അനേകം ശുശ്രൂഷകരുമായി സൗഹൃദം സ്ഥാപിക്കുവാൻ കഴിഞ്ഞു–ഇന്നേദിവം വരെ തുടരുന്ന സൗഹൃദങ്ങൾ!

അതിനുശേഷം, സൗത്ത് ആഫ്രിക്ക, അമേരിക്ക, ഇംഗ്ലണ്ട്, സ്കോട്ട്ലാൻഡ്, ഫ്രാൻസ്, ജർമ്മനി, സ്വിറ്റ്സർലാന്റ്, കാനഡ,

ആസ്ട്രേലിയ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ച് ദൈവത്തിന്റെ വചനം പ്രസംഗിക്കാൻ അവസരം ലഭിച്ചതിലൂടെ എന്റെ ശുശ്രൂഷയെ ദൈവം വികസിപ്പിച്ചു. ആയിരങ്ങൾ യേശുക്രിസ്തു വിലൂടെയുള്ള വിടുതലിന്റെ സന്ദേശം ശ്രവിക്കുവാൻ ഇടയായി.

ഇപ്പോഴും അനേകം രാജ്യങ്ങളിൽ സുവിശേഷിക്കുവാനുള്ള എണ്ണമറ്റ ക്ഷണം ലഭിക്കുന്നുണ്ട് എങ്കിലും സമയം ഇല്ലാത്തതി നാൽ പോകാൻ കഴിയുന്നില്ല. ഇതാണ് ദൈവം എനിക്കു നൽകി യ അനുഗ്രഹത്തിന്റെ വ്യാപ്തി.

പ്രിയ വായനക്കാരാ, ഞാൻ ശുശ്രൂഷിക്കുന്ന കർത്താവായ യേശുക്രിസ്തു മാത്രമാണ് യഥാർത്ഥ ദൈവം. അവൻ വഴിയും സത്യവും ജീവനുമാണ്. അവനിൽ വിശ്വസിക്കുവിൻ. നിങ്ങളുടെ ജീവിതങ്ങളെ സമർപ്പിപ്പിൻ. നിങ്ങളെ വിളിച്ചതായി തോന്നുന്നു വെങ്കിൽ, വിശ്വാസത്തോടെ മുന്നോട്ട് ഇറങ്ങുവിൻ. അവൻ നിങ്ങളെ അനുഗ്രഹിക്കുകയും വഴിനടത്തുകയും ചെയ്യും.

**അവൻ പാറയെ ജലതടാകവും തീക്കല്ലിനെ നീരുറവും ആക്കിയിരിക്കുന്നു** (സങ്കീർത്തനങ്ങൾ 114:8).

*************

6-ാം പേജിന്റെ തുടർച്ച...

**ഉൽപ്പത്തി 21:6 – ദൈവം എനിക്കു ചിരിയുണ്ടാക്കി; കേൾക്കുന്നവരെല്ലാം എന്നെക്കുറിച്ചു ചിരിക്കും.**

✓ ഒരിക്കൽ സംശയത്തോടെ ചിരിച്ചിരുന്ന അതേ സ്ത്രീ ഇപ്പോൾ വിധിയെ ഓർത്ത് ചിരിക്കുന്നു.

✓ അവിശ്വാസം മന്ത്രിച്ച അതേ വായ് ഇപ്പോൾ ഒരു സാക്ഷ്യം പ്രഖ്യാപിക്കുന്നു.

✓ വന്ധ്യയായിരുന്ന അതേ ഗർഭപാത്രം ഇപ്പോൾ വാഗ്ദാനത്തെ വഹിക്കുന്നു.

**ദൈവം തിരിഞ്ഞു:**

- അവളുടെ വേദനയെ സന്തോഷമാക്കി
- അവളുടെ സംശയം വിശ്വാസമാക്കി
- അവളുടെ നിശബ്ദത ആഘോഷമാക്കി
- അവളുടെ മറഞ്ഞിരിക്കുന്ന ചിരി ഒരു പൊതു സാക്ഷ്യമാക്കി.

ദൈവം നിങ്ങൾക്കും എനിക്കും വേണ്ടി ചെ യ്യുന്നത് ഇതാണ്.

ഈ അമ്മമാരുടെ ജീവിതത്തിലേക്ക് ദൈവം കാലെടുത്തു വച്ചപ്പോൾ അസാധാരണമായ ഒരു കാര്യം സംഭവിച്ചു:

| | |
|---|---|
| **യേശുക്രിസ്തുവിന്റെ അമ്മയായ മറിയ** | **ഒരു രക്ഷകന്റെ** വാഗ്ദാനം |
| **ശിംശോന്റെ അമ്മ** | **ഒരു വിടുവിക്കുന്നവന്റെ** വാഗ്ദാനം |
| **യോഹന്നാന്റെ അമ്മയായ എലിസബത്ത്** | **ഒരു പരിഷ്കർത്താവിന്റെ** വാഗ്ദാനം |
| **യിസ്ഹാക്കിന്റെ അമ്മയായ** സാറ | **ഒരു പുതിയ പൈതൃകത്തിന്റെ** വാഗ്ദാനം |

സുഹൃത്തുക്കളേ, ദൈവം അവരുടെ ജീവിതത്തെ തടസ്സപ്പെടുത്തി കുഴപ്പങ്ങളും ആശയക്കുഴപ്പങ്ങളും സൃഷ്ടിച്ചതായി തോന്നിയേക്കാം. എന്നാൽ ദൈവം നിശ്ചയിച്ച ശരിയായ സമയത്ത് അവൻ തന്റെ വാഗ്ദത്തം നിറവേറ്റി.

നിരുത്സാഹപ്പെടരുത്. അവന് അവർക്കു വേണ്ടി അത് ചെയ്യാൻ കഴിയുമെങ്കിൽ, അവൻ നിങ്ങൾക്കുവേണ്ടിയും അത് ചെയ്യും.

നിങ്ങൾ എവിടെയാണോ അവിടെ ദൈവം നിങ്ങളെ കാണുകയും കേൾക്കുകയും ചെയ്യുന്നു. ഈ ലോകത്തിന്റെ കാഴ്ചയിൽ നിന്ന് നിങ്ങൾ മറഞ്ഞിരിക്കാം, പക്ഷെ ദൈവത്തിന്റെ കാഴ്ചയിൽനിന്ന് നിങ്ങൾക്ക് ഒരിക്കലും മറഞ്ഞിരിക്കാൻ സാദ്ധ്യമല്ല.

നിങ്ങൾ മറഞ്ഞിരിക്കുന്ന ഇടങ്ങളെ ദൈവം കണ്ടെത്തുന്നത് നിങ്ങളെ തുറന്നു കാട്ടാനല്ല, മറിച്ച് നിങ്ങളെ ശക്തിപ്പെടുത്താനാണ്. അവൻ സാറായോടു ചോദിച്ച അതേ ചോദ്യം അവൻ നിങ്ങളോടും ചോദിക്കുന്നു.

കർത്താവിനു കഴിയാത്തതായി എന്തെങ്കിലും ഉണ്ടോ?

ഇന്ന്, നമ്മുടെ വിശ്വാസം വീണ്ടും ഉയരട്ടെ.

*************

**അറിയിപ്പ്**

(+91) 9841071858, (+91) 9841271858 എന്ന ഞങ്ങളുടെ മുഖ്യ മൊബൈൽ നമ്പറുകൾ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ സേവ് ചെയ്യുവിൻ.

-എഡിറ്റർ


# നെഹെമ്യ ബൈബിൾ കോളേജ്

ഒരു വിളിയുടെ പ്രതിധ്വനി സ്ഥാപനം

(റെസിഡെൻഷ്യൽ – ഹിന്ദി & സായാഹ്നം – തമിഴ്)

**26th ബിരുദദാന ചടങ്ങ്**

**2026 ജൂലൈ 4, ശനി, 5.00 pm**

വിശിഷ്ടാതിഥി

**റവ. ഡോ. എസ്.ജെ. കിംഗ്സ്ലി**

(സി ഒ ഒ, യേശു വിളിക്കുന്നു)

**സ്ഥലം: ബലർ കൽവി നിലയം ഹാൾ, എം.ആർ.സി. സെന്റർ, അനിത മെട്രിക്കുലേഷൻ സ്കൂൾ വളപ്പ്, 5/6, റിഥെർട്ടൺ റോഡ്, വേപ്പേരി, ചെന്നൈ – 600 007.**

**പ്രാർത്ഥിക്കുവിൻ പങ്കെടുക്കുവിൻ!**

※ 2026-2027 വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചു!
※ ദയവായി അർഹരായ വിദ്യാർത്ഥികളെ ശുപാർശ ചെയ്യുവിൻ!!
※ റെസിഡെൻഷ്യൽ പുരുഷ ഹിന്ദി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഉണ്ടായിരിക്കുന്നതാണ്!!!
※ 2026-27 അദ്ധ്യയന വർഷത്തേക്കുള്ള ക്ലാസ്സുകൾ 01.06.2026 ൽ ആരംഭിക്കുന്നതാണ്!!!!

"Egmore RMS Patrika Channel" RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## OUR BANK DETAILS:

***1. Bank : State Bank of India***

| | |
|---|---|
| Branch | : Triplicane, Chennai-5 |
| Name | : S. Sam Selva Raj |
| A/C No. | : 1023 2934 679 |
| IFSC | : SBIN 00 00 249 |

SWIFT CODE : SBI NIN BB 455

***2. Bank : ICICI Bank***

| | |
|---|---|
| Branch | : Anna Salai, Chennai-6 |
| Name | : Echo of His Call |
| A/C No. | : 6038 0502 2319 |
| IFSC | : ICIC 000 6038 |

***3. Bank : State Bank of India***

(This Account is for Tax Exemption for Indians only )

| | |
|---|---|
| Branch | : Triplicane, Chennai-5 |
| Name | : Echo of His Call Educational Trust |
| A/C No. | : 1023 2923 805 |
| IFSC | : SBIN 00 00 249 |

## OUR QR CODE:

ECHO OF HIS CALL

Scan to pay with any UPI app

Google Pay: 98410 71858
PayPal : SAM SELVA RAJ

*****

E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

**വാർഷിക വരിസംഖ്യ : 100/– രൂപ** **ആയുഷ്കാല വരിസംഖ്യ : 2000/– രൂപ**

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

**ECHO OF HIS CALL**
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.org

**YOU CAN SEND YOUR DONATION ONLINE ALSO**

**Regd. with the RNI under No. 55468/94**
**Licenced to post without pre-payment**
**Postal Regn. No. TN/CH (C) /199/24-26**
**Licence No. WPP. No. TN/PMG(CCR)/WPP-221/24-26**
**Date of Publication: First week of every month**
**Date of Posting : 3rd & 4th of every month Posted at "Egmore RMS Patrika Channel"**
**on 4th MAY 2026.**
**If un-delivered please return to:**
**ECHO OF HIS CALL (MALAYALAM)**
**P.O. Box No. 2957, Chepauk, Chennai - 600 005, INDIA.**
**Phone: (+ 91- 44) 2852 8282, 2852 9293, 2854 7766**

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**